**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 568** **26.04.2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണം എന്ന ലക്ഷ്യത്തിലേക്ക് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ഈ വിഷയത്തിൽ ഇതിനകം നടത്തിയിട്ടുള്ള പഠനങ്ങൾ എന്തെല്ലാം; എന്തെല്ലാം പരിഗണനകളാണ് സർക്കാരിന്റെ മുൻപിൽ വന്നിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ഭരണസമിതി അംഗങ്ങൾ, ജീവനക്കാരുടെ സംഘടനകൾ, പി.എ.സി.എസ്. അസോസിയേഷൻ ഭാരവാഹികൾ, സംസ്ഥാന സഹകരണ യൂണിയൻ, പ്രമുഖ സഹകാരികൾ, അപ്പക്സ് സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പ്ലാനിംഗ് ബോർഡ്, സഹകരണ പരിശീലന സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻപിൽ പരിഗണനകൾ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ